**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T 3843** — **20/10/2016 ൽ മറുപടിയ്ക്ക്**

## അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**
**ശ്രീ.അനൂപ് ജേക്കബ്**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | 2016 സെപ്റ്റംബർ മാസത്തിൽ ലഭ്യമായ കണക്ക പ്രകാരം 408 ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഇതിനകം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്.അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കുന്ന വിഷയം മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗം ചർച്ച ചെയ്തിരുന്നു. കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിച്ചിരുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പ കുടിശ്ശിക വരുത്തിയതിനെ തുടർന്ന് ജപ്തി നടപടികൾ നേരിടുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്ന കാര്യം ചെറുകിട വ്യവസായികളുമായും ബാങ്ക് പ്രതിനിധികളുമായും ചർച്ച ചെയ്യുന്ന |
| (ബി) | കേരള കാഷ്യൂ ഫാക്ടറി അക്വസിഷൻ അമെൻഡ്മെന്റ് ആക്ട് -2009 പ്രകാരം അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ; | | |

| | |
|---|---|
| | തിനായി 25/10/2016 ൽ ബഹു. മുഖ്യമന്ത്രി വീണ്ടും യോഗം വിളിച്ചിരിക്കുകയാണ്.<br>കൂടാതെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |
| (സി) ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന കാലയളവിൽ തൊഴിലാളികൾക്ക് ലേ-ഓഫ് കോമ്പൻസേഷൻ കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ? | (സി) ഇക്കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ